# GHS KAVILUMPARA

## ACCADEMIC MASTERPLAN 2025-26

## ജി എച്ച് എസ് കാവിലുംപാറ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

### ആമുഖം

1956 ൽ ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച ഈ സ്കൂൾ പടിപടിയായി ഉയർന്ന് ഇന്ന് കേരളത്തിലെ തന്നെ മികച്ച ഹൈസ്കൂൾ ആയി മാറി . 2013 -14 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടതിനുശേഷം ഇതുവരെ നടന്ന എല്ലാ SSLC പരീക്ഷകളിലും 100% വിജയം നേടാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് കൂടാതെ LSS,USS, NMMS പരീക്ഷകളിൽ മികച്ച വിജയം നേടി കായികമേളയിലും യുവജനോത്സവം ശാസ്ത്രോത്സവങ്ങളിലും അഭിമാനാർഹമായ നേട്ടങ്ങളാണ് ഈ വിദ്യാലയത്തിന് ഉണ്ടായിട്ടുള്ളത് .

ഇതിനെല്ലാം നമ്മെ പ്രാപ്തരാക്കിയത് ചിട്ടയായ ആസൂത്രണവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ വിഷയങ്ങൾ അടിസ്ഥാനമാക്കി സബ്ജക്ട് കൗൺസിലുകൾ ചേർന്ന് ഒരു വർഷത്തേക്കുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സ്കൂൾ തലത്തിൽ SRG കൾ ചേർന്ന് ക്രോഡീകരിച്ച് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നു. ഇതനുസരിച്ചാണ് ഒരു വർഷത്തെ പഠന പഠനേതര പ്രവർത്തനങ്ങൾ നടത്തുന്നത് . ഈ വർഷം ഞങ്ങൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുകയാണ്

## പ്രവർത്തനങ്ങൾ

1. അക്കാദമിക കലണ്ടർ

2025-26 അക്കാദമിക വർഷത്തെ നമ്മുടെ സ്കൂളിന്റെ അക്കാദമിക പ്രവർത്തനങ്ങളുടെ രൂപീകരണവും ക്രോഡീകരണവും

2. അലോട്ട്മെന്റുകൾ

ക്ലാസ്സ് അലോട്ട്മെന്റുകൾ, Subject Teachers അലോട്ട്മെന്റുകളും മെയ്മാസത്തിൽ പൂർത്തികരിച്ചു

3. പ്രവേശനോത്സവം

പ്രവേശനോത്സവത്തോടനുബന്ധിച്ച് PTA, MPTA, SPG,SMC, Staff Council എന്നിവ വിളിച്ച് ചേർത്ത് കമ്മിറ്റി രൂപീകരിച്ച് പ്രവേശനോത്സവം ഭംഗിയായി നടത്തി.

4. CPTA,ജാഗ്രത ക്ലാസ്സുകൾ

എല്ലാ ക്ലാസ്സുകളുടെയും CPTA ജൂൺ ആദ്യ വാരത്തിൽ വിളിച്ച് ചേർത്ത് രക്ഷിതാക്കൾക്ക് ജാഗ്രതാ ക്ലാസ്സുകൾ നൽകുക.

**ദിനാചരണങ്ങൾ**

ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ ദിനാചരങ്ങൾ ഓരോ സബ്ജക്ട് കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പാക്കും

**കലാമേള / ശാസ്ത്ര / സാമൂഹ്യശാസ്ത്ര / ഗണിതശാസ്ത്ര / പ്രവൃത്തിപരിചയമേള/ഐ ടി മേള /കായികമേള**

സ്കൂൾ മേളകൾ കലോത്സവങ്ങൾ തുടങ്ങിയവ വളരെ പ്രാധാന്യത്തോടെ കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ സ്കൂളിന്റെ പേര് സംസ്ഥാനതലത്തിൽ എത്തിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും

**ഫോഴ്സുകൾ**

SPC,JRC, little kites തുടങ്ങിയ ഫോഴ്സുകൾ ഏകോപിപ്പിച്ചുകൊണ്ട് മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും

**വിജയോത്സവം**

ഓരോ കുട്ടിയേയും മികച്ച നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് വിജയോത്സവ കമ്മിറ്റി നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ്ണ പിന്തുണ നൽകും.

**പഠനോത്സവം**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയ മികവുകൾ സമൂഹമായി പങ്കിടുന്നതിന് പഠനോത്സവങ്ങൾ സംഘടിപ്പിക്കും (മാർച്ച് ഏപ്രിൽ)

### ഉച്ചഭക്ഷണം

ഉച്ചഭക്ഷണം കുറ്റമറ്റരീതിയിൽ നടപ്പാക്കാൻ PTA സഹായത്തോടെ വിവിധ മാർഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കും.

### ലഹരി വിമുക്ത ക്യാമ്പസ്

നമ്മുടെ കുട്ടികളെ ലഹരിയുടെ നീരാളി കൈകളിൽ നിന്ന് രക്ഷിച്ച ലഹരി വിമുക്ത ക്യാമ്പസ് എന്ന സ്വപ്നസാക്ഷാത്കരിക്കാൻ ലഹരി വിമുക്ത ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യും

### Be the best LSS, USS, NMMS

മികവുപുലർത്തുന്ന 4 7 8 ക്ലാസുകൾക്കായി നടത്തുന്ന LSS, USS, NMMS പരീക്ഷയ്ക്ക് കുട്ടികളെ പ്രാപ്തരാക്കാൻ ഒരു പ്രത്യേക സമിതി രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും

### പരീക്ഷകൾ

ഓരോ യൂണിറ്റിന്റെയും അവസാനം യൂണിറ്റ് ടെസ്റ്റുകൾ നടത്തി, ആവശ്യമായ പരിഹാര ബോധനരീതികൾ നടപ്പാക്കും .Term exam കൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കും

### മോട്ടിവേഷൻ ക്ലാസുകൾ

കൃത്യമായ ഇടവേളകളിൽ സാഹചര്യത്തിനനുസരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും മോട്ടിവേഷൻ ക്ലാസ് നൽകും .സമ്പത്ത് ഈ അധ്യാപക കൂട്ടായ്മ തന്നെയാണ് നമ്മളിൽ പ്രതീക്ഷയർപ്പിച്ച് വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും നിരാശരാക്കാതെ മുന്നോട്ട് നയിക്കാൻ നമുക്ക് കഴിയും. കഴിയണം .അതിനുവേണ്ടി കരുത്തും മനസ്സ് നിറഞ്ഞ പിന്തുണയും എല്ലാ സഹപ്രവർത്തകർ എനിക്ക് നൽകുമെന്ന് വിശ്വാസത്തോടെ 2025- 26 SRG പ്രവർത്തക റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

# SRG

2025-26 അക്കാദമിക വർഷത്തിൽ SRG ഊന്നൽ കൊടുക്കുന്ന മേഖലകളിലെവിവിധ പ്രൊജക്ടുകളും പദ്ധതികളും ഏകോപിപ്പിച്ചുകൊണ്ട് ഒരു അക്കാദമിക് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഒരു പ്ലാനിങ് മീറ്റ് നടന്നു. ഒരു വിദ്യാലയത്തെയും, അധ്യാപകരെയും സംബന്ധിച്ച പാഠ്യ പദ്ധതിയാണ് അടിസ്ഥാന അക്കാദമിക രേഖ. പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിലാണ് എല്ലാ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നത്. കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിദ്യാലയത്തിൽ കൃത്യമായും ചിട്ടയായും നടപ്പിൽ വരുത്തേണ്ട ആസൂത്രണ സംവിധാനമാണ്സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് അഥവാ SRG. SRG എന്നത് ഒരു കൂട്ടായ്മയാണ്. വിദ്യാലയത്തിലെ ഓരോ കുട്ടിയേയും പഠന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതാണ്ഈ കൂട്ടായ്മയുടെ ലക്ഷ്യം.

നമ്മുടെ സ്കൂളിലേക്ക് കടന്നു വരുന്ന ഓരോ കുട്ടിയേയും പഠനത്തിനൊപ്പം തന്നെ അവന്റെ വ്യക്തിത്വ വികാസത്തിനൊരുക്കുന്ന വിവിധ പ്രൊജക്ടുകൾ ചർച്ച ചെയ്യുകയും ക്രോഡീകരിക്കുകയും ചെയ്ത വർക്ഷോപ്പിൽ അതിന്റെ പ്രധാനലക്ഷ്യങ്ങൾ അവതരിപ്പിച്ചു. വ്യത്യസ്തങ്ങളായ ശേഷികളും മനോഭാവങ്ങളും ഉള്ള, വ്യക്തിപരമായി വിവിധ സാഹചര്യങ്ങളിൽ നിന്ന് എത്തിച്ചേരുന്ന നമ്മുടെ വിദ്യാർത്ഥികൾ നാടിനും സമൂഹത്തിനും ഏറ്റവും വേണ്ടപ്പെട്ട പൗരൻമാരായി വളർത്തിയെടുക്കുക എന്നതാണ് SRG യുടെ പ്രഥമ ലക്ഷ്യം. നമ്മുടെ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ, സമഗ്ര ഗുണമേന്മ പദ്ധതി മുന്നിൽ കണ്ടുകൊണ്ട്, ഇതിനായി നമ്മെസഹായിക്കുന്ന വ്യത്യസ്തങ്ങളായ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും 2025-26 വർഷത്തിൽ നേതൃത്വം നൽകാനാണ് സ്കൂൾ പരിശ്രമിക്കുന്നത്.

ലക്ഷ്യങ്ങൾ

1. 2025-26 അക്കാദമിക വർഷത്തിൽ നമ്മുടെ സ്കൂളിൽ മുഴുവൻ അക്കാദമികപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും പ്രവർത്തന സജ്ജമാക്കാൻ കൃത്യമായ ആസൂത്രണം നടത്തുകയും ചെയ്യുകയാണ് SRG യുടെ ലക്ഷ്യം.

2. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.

3. ക്ലാസ് റൂം പഠനത്തിന് അക്കാദമിക് കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പു വരുത്തുക.

4. ഓരോ ക്ലാസ്സിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

5. ഓരോ അധ്യാപകർക്കും ക്ലാസ് മുറിയിലെ മികവുകളും പരിമിതികളും പങ്കു വെക്കാനുള്ള അക്കാദമിക ഇടമൊരുക്കുക.

6. കുട്ടികൾക്ക് വേണ്ട പഠന പിന്തുണ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, എസ്. സി.എസ്.ടി മേഖലകൾ, പ്രത്യേക പരിഗണന അർപ്പിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, നിരന്തര മൂല്യനിർണ്ണയം കാര്യക്ഷമമാക്കുക. കുട്ടികളുടെ സമഗ്ര പഠന പുരോഗതി രേഖ വികസിപ്പിക്കുക. അക്കാദമിക പ്രശ്നങ്ങൾ, പരിമിതികൾ എന്നിവ മറികടക്കാൻ കൂട്ടായ്മയിലൂടെ പരിഹാരം കാണുക.

7 സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾ

## വിജയോത്സവം

പൊതുവിദ്യാലയങ്ങളുടെ സമഗ്രമായ പുരോഗതി കൈവരിക്കുന്നതോടൊപ്പം ഓരോ വിദ്യാർത്ഥിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിജയോത്സവം പദ്ധതിയുടെ പ്രാധാന്യം വളരെ വലുതാണ്. SSLC ഫലം തിളക്കമാർന്നതാക്കാനും വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം മികവുറ്റതാക്കാനും വിജയോത്സവം പദ്ധതി കൊണ്ട് സാധ്യമാവുകയാണ്. അതിനായി വിദ്യാർത്ഥികളോടും അധ്യാപകരോടും ഒപ്പം രക്ഷിതാക്കളും ഒറ്റക്കെട്ടായി കൈകോർത്ത് നിന്നുകൊണ്ട് അധ്യയന വർഷത്തെ വിജയോത്സവം പദ്ധതി വിജയത്തിൽ എത്തിച്ചു

ലക്ഷ്യങ്ങൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസ
- എസ്എസ്എൽസി നൂറുശതമാനം
- ഫുൾ എ പ്ലസ് എണ്ണം 250 കൂടുതൽ
- കുട്ടികളിലെ പഠന പിന്നോക്ക അവസ്ഥ മറികടക്കൽ
- വ്യക്തിത്വ വികസനം
- ലഹരി മുക്ത ക്യാമ്പസ്
- അധ്യാപക വിദ്യാർത്ഥി ബന്ധം ദൃഢമാക്കുക

<u>പ്രവർത്തനങ്ങൾ</u>

- CPTA
- കുട്ടിയെ അറിയാൻ സമയബന്ധിതമായി പ്രീ ടെസ്റ്റ്
- ഗൃഹസന്ദർശനം
- Motivation class for Students and parents
- Morning /evening class
- Language clinic
- Full A plus coaching
- Peer group സ്റ്റഡി
- തുടർന്ന് തുടർ മൂല്യനിർണ്ണയവും പരീക്ഷകളും
- എസ്എസ്എൽസി റിസൾട്ട് മെച്ചപ്പെടുന്ന പ്രവർത്തനങ്ങൾ Study camp,Revision, Expert class, പഠന പിന്നോക്കം നിൽക്കുന്നവർക്ക് special coaching
- Morning
- അച്ചടക്കം /ലഹരിമുക്ത പ്രവർത്തനങ്ങൾ

7

# ജാഗ്രതാസമിതി -2025- 26

## ആമുഖം :

സ്കൂൾ വിദ്യാർത്ഥികൾക്ക് നേരെ നടന്നുവരുന്ന അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ പ്രവർത്തിക്കുകയും വിദ്യാർത്ഥികളെ ഇത്തരം പ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്ന വിജിലൻസ് കമ്മിറ്റിയാണ് സ്കൂൾജാഗ്രതാസമിതി

**ലക്ഷ്യങ്ങൾ :-**

★ വിദ്യാർത്ഥികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുക
★ അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുക
★ വിദ്യാർത്ഥി ശാക്തീകരണം ,വിദ്യാർത്ഥികൾക്കെതിരെയുള്ള പരാതികൾ സ്വീകരിക്കുക ,അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുക

**രൂപീകരണം**

2025 ജൂൺ മാസത്തിൽ തന്നെ സ്കൂൾ ജാഗ്രത സമിതി രൂപീകരിക്കും . ക്ലാസുകളിൽ പ്രത്യേക ജാഗ്രത ഗ്രൂപ്പുകൾ രൂപീകരിക്കും .സ്കൂൾ ജാഗ്രത സമിതിയിലെ അംഗങ്ങൾക്ക് നിർദേശങ്ങൾ ജാഗ്രത കൺവീനറും കൗൺസിലറും നൽകും

**പ്രവർത്തനങ്ങൾ**

**ബോധവൽക്കരണ ക്ലാസുകൾ :**

1 മുതൽ 10 വരെ ക്ലാസുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ജൂൺ ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ ഘട്ടംഘട്ടമായി ബോധവൽക്കരണ ക്ലാസ് നൽകും.

**പെൺകുട്ടികൾക്കുള്ള ശുചിത്വ ക്ലാസ്**

പെൺകുട്ടികൾക്ക് ബാത്റൂം ഉപയോഗം സംബന്ധിച്ച അറിവ് നൽകുന്നതിനുവേണ്ടി ജൂൺമാസം അവസാനവാരങ്ങളിൽ സ്കൂൾ അധ്യാപകരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശുചിത്വക്ലാസ് നൽകും

**നിയമ ക്ലാസ്**

നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഏതെല്ലാം തരത്തിലുള്ള ശിക്ഷകളാണ് നൽകുന്നത് എന്ന് മനസ്സിലാക്കാനായി കൗൺസിലറിന്റെ നേതൃത്വത്തിൽ നിയമ ക്ലാസ് നൽകും .ആഗസ്റ്റ് മാസത്തിലാണ് ഈ ക്ലാസ് നൽകുന്നത് .

**ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്**

സമൂഹത്തിന് വെല്ലുവിളിയായി കൊണ്ടിരിക്കുന്ന ലഹരി ഏതെല്ലാം തരത്തിൽ നമ്മുടെ ചുറ്റുപാടുകളെ ബാധിക്കുന്നതെന്ന് മനസ്സിലാക്കാനും അതിൽ നിന്നും എങ്ങനെയൊക്കെ ആത്മരക്ഷ നേടാം എന്ന് മനസ്സിലാക്കാനായി എക്സൈസിന്റെ നേതൃത്വത്തിൽ പത്താം ക്ലാസിലെ കുട്ടികൾക്ക് സെപ്റ്റംബർ മാസത്തിൽ ക്ലാസ് നൽകും

**സ്വയം സുരക്ഷാ ക്ലാസ്**

സ്കൂളിലെ പെൺകുട്ടികൾക്ക് പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്വയം സുരക്ഷാ ക്ലാസ് നൽകും .ഒക്ടോബർ മാസത്തിലാണ് ക്ലാസ് നൽകുന്നത് .

**കൗൺസിലിംഗ് ക്ലാസുകൾ**

മൂന്ന് ഘട്ടങ്ങളിലായി പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് ക്ലാസുകൾ നൽകും .ആഗസ്റ്റ് ,ഡിസംബർ, ഫെബ്രുവരി മാസങ്ങളിലാണ് ഇത് ലഭ്യമാകുന്നത് .

# ശുചിത്വം 2025 -26

## ആമുഖം

വിദ്യാലയങ്ങളിലെ ആരോഗ്യകരമായ പഠനാന്തരീക്ഷം നിലനിർത്തുന്നതിന് ശുചിത്വത്തിൽ പ്രധാന പങ്കുണ്ട് . ശുചിത്വം പാലിക്കുന്നത് നമ്മുടെ വിദ്യാർത്ഥികളിൽ അച്ചടക്കവും ഉത്തരവാദിത്വബോധവും പരിസ്ഥിതി ബോധവും വളർത്തും . ശുചിത്വമുള്ള ഒരു സ്കൂൾ ക്യാമ്പസ് സൃഷ്ടിക്കുന്നതിലൂടെ മികച്ച ആരോഗ്യ ശീലങ്ങളെ പ്രോത്സാഹിപ്പിക്കാനും അതുവഴി രോഗ സാധ്യതകൾ കുറയ്ക്കാനും നമുക്ക് ഒരു പരിധിവരെ സാധിക്കുന്നതാണ്. അക്കാദമിക നിലവാരത്തിലും ഭൗതിക സാഹചര്യത്തിലും വളരെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ വിദ്യാലയത്തിൽ ശുചിത്വ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് നമ്മുടെ കടമയാണ്.

### ലക്ഷ്യങ്ങൾ :

- വ്യക്തി ശുചിത്വം ,പരിസര ശുചിത്വം തുടങ്ങിയ മൂല്യങ്ങളുടെ ഉറപ്പിക്കൽ
- അച്ചടക്കവും ഉത്തരവാദിത്വബോധവും വളർത്തിയെടുക്കൽ.
- ചുറ്റുപാടുകൾ വൃത്തിയായി സൃഷ്ടിക്കുന്നതിലൂടെ കുട്ടികളിൽ ഉടമസ്ഥതാബോധം ,പരിസ്ഥിതിയോടുള്ള ആദരവ് എന്നിവ വികസിപ്പിച്ചെടുക്കൽ.

### ഉദ്ദേശ്യങ്ങൾ :

- "Clean Campus-Green Campus"-ക്യാമ്പസ് ശുദ്ധീകരണത്തിന് വിവിധ പ്രവർത്തന പദ്ധതികൾ രൂപീകരിക്കൽ .
- 'എന്റെ മാലിന്യം- എന്റെ ഉത്തരവാദിത്വം 'ഉറവിടമാലിന്യ സംസ്കരണത്തിന് ദൈനംദിന ക്ലാസ് റൂം ശുചീകരണത്തോടൊപ്പം വിവിധ പദ്ധതികൾ രൂപീകരിക്കൽ
- കണ്ണിനും മനസ്സിനും ആനന്ദം പകരുന്ന പൂക്കൾ നിറഞ്ഞുനിൽക്കുന്ന പൂന്തോട്ടം ഒരുക്കൽ
- എല്ലാ ബിൽഡിങ്ങിന്റെയും മുൻവശത്ത് പൂന്തോട്ടം ഒരുക്കൽ
- പൂന്തോട്ട പരിപാലനം ഓരോ ദിവസവും ഹൗസിനും പരിസ്ഥിതി ക്ലബ് കുട്ടികൾക്കും കൊടുക്കുക
- ഓരോ അധ്യാപകനും ഒരു ചെടിയെങ്കിലും വീട്ടിൽ നിന്നു കൊണ്ടുവരിക
- പിറന്നാൾ സമ്മാനമായി ബുക്ക് സമ്മാനിക്കുന്നതുപോലെ ഒരു ചെടി സ്കൂളിന് കുട്ടികൾക്ക് നൽകാം

## അച്ചടക്കം

1. 9 30 ന് തന്നെ ക്ലാസ് ടീച്ചർ ക്ലാസിൽ എത്തുകയും ക്ലാസ് ക്ലീനിങ് ചെയ്യിക്കേണ്ടതുമാണ് വേസ്റ്റ് കൊണ്ടുപോയി ഇടുന്നതൊക്കെ ബെല്ലടിക്കും മുമ്പ് ചെയ്തു തീർക്കേണ്ടതാണ്
2. പ്രാർത്ഥന സമയത്ത് കുട്ടികൾ വരാന്തയിലും ഗ്രൗണ്ടിലും നിൽക്കാതെ ക്ലാസ് റൂമിൽ ആണെന്ന് ടീച്ചർ ഉറപ്പ് വരുത്തേണ്ടതാണ്.
3. ഇന്റർവെൽ സമയത്ത് കുട്ടികളെ പുറത്ത് പോകാൻ അനുവദിക്കരുത്
4. കുടിവെള്ളത്തിന് എല്ലാവരും ബോട്ടിൽ കൊണ്ടുവന്ന് ഇന്റർവെൽ സമയത്ത് തന്നെ നിറച്ച് വയ്ക്കാൻ നിർദ്ദേശം നൽകണം ക്ലാസ് ടൈമിൽ ഇതിനായി കുട്ടികളെ പുറത്തുവിടാൻ പാടുള്ളതല്ല
5. ക്ലാസ് വിടുന്ന സമയത്ത് എല്ലാ ക്ലാസിലെ കുട്ടികളും വരിവരിയായാണ് ഗേറ്റിന് അടുത്തേക്ക് പോകുന്നതെന്ന് ക്ലാസിൽ ആ സമയത്തുള്ള ടീച്ചർ ശ്രദ്ധിക്കേണ്ടതാണ്
6. കുട്ടികൾ സ്കൂൾ യൂണിഫോമിൽ തന്നെയാണോ വരുന്നത് എന്ന് ക്ലാസ് ടീച്ചർ ഉറപ്പുവരുത്തേണ്ടതാണ്
7. ഉച്ചയ്ക്ക് 1 30 ന് ബെൽ അടിക്കുമ്പോൾ കുട്ടികൾ ക്ലാസ് റൂമിൽ പഠന പ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ടോ എന്ന് ക്ലാസ് ടീച്ചർ ഉറപ്പുവരുത്തേണ്ടതാണ്.

## കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ

1. ലോങ്ങ് ബെൽ അടിക്കുന്നതിനു മുമ്പ് ക്ലാസ് റൂമിൽ എത്തിച്ചേരേണ്ടതാണ്
2. ക്ലാസിൽ കയറാനുള്ള ബെല്ലടിച്ചാൽ ഒരു കുട്ടി പോലും വരാന്തയിൽ നിൽക്കാൻ പാടുള്ളതല്ല. സ്കൂൾ ദിവസങ്ങളിൽ യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കണം
3. ഓരോ ദിവസവും ടൈംടേബിൾ പ്രകാരം ആവശ്യമുള്ള മുഴുവൻ പുസ്തകങ്ങളും കൊണ്ടുവരേണ്ടതാണ് കുടിവെള്ളം കൊണ്ടുവരുന്ന ബോട്ടിലിൽ ഇന്റർവെൽ സമയത്ത് ആവശ്യമായ വെള്ളം എടുത്തു വയ്ക്കേണ്ടതാണ് ക്ലാസ് സമയത്ത് വെള്ളം എടുക്കാനായി പുറത്തുവിടുന്നത് അല്ല.
4. കുട്ടികൾ അനുവാദമില്ലാതെ മറ്റ് ക്ലാസുകളിലേക്കും ബ്ലോക്കുകളിലേക്കും പ്രവേശിക്കാൻ പാടുള്ളതല്ല
5. സ്കൂൾ വിട്ടാൽ നിശ്ചിത സമയത്തിനുള്ളിൽ കുട്ടികൾ വീടുകളിലേക്ക് പോകേണ്ടതാണ്
6. ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച ശേഷം ഒന്നേ മുപ്പതിന് ബെല്ലടിക്കുമ്പോൾ കുട്ടികൾ ക്ലാസ് റൂമിൽ തിരികെയെത്തി പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്
7. സ്കൂൾ ബാഗ് മുഴുവൻ ബുക്കുകളും കൊള്ളുന്ന രീതിയിലുള്ളത് ആയിരിക്കണം
8. ഇന്റർവെൽ സമയങ്ങളിൽ സ്കൂൾ ഗേറ്റിനു പുറത്ത് പോകാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല

# School protection groups 2025 -26

സ്കൂൾ വിദ്യാർത്ഥികളെ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും സ്കൂൾ പരിസരത്ത് ഗതാഗത സുരക്ഷ ഉറപ്പുവരുത്തുന്നതിനും ലഹരി വില്പനയിൽ ഏർപ്പെട്ട അവരിൽ നിന്നും സ്കൂൾ വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനും വേണ്ടി രൂപീകരിക്കപ്പെടുന്ന പ്രത്യേക പ്രതിനിധികൾ ഉൾക്കൊള്ളുന്ന സംഘമാണ് SPG.

## അംഗങ്ങൾ

പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, അധ്യാപകർ, സ്കൂൾ പരിസരത്ത് താമസിക്കുന്ന സ്കൂൾ അഭ്യുദയകാംക്ഷികൾ,ഫയർ ഫോഴ്സ് ഓഫീസർ, എക്സൈസ് ഓഫീസർ, പരിസരത്ത് കച്ചവട സ്ഥാപനങ്ങളിലും മറ്റ് സമാന്തര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർ, സ്കൂളിൽ നിന്നും റിട്ടയർ ചെയ്ത അധ്യാപകർ, ഡ്രൈവർമാർ, പിടിഎ പ്രതിനിധികൾ മുതലായവർ സ്കൂൾ സംരക്ഷണ ഗ്രൂപ്പിലെ അംഗങ്ങൾ ആയിരിക്കും

## പ്രവർത്തനങ്ങൾ

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് 2025-26 പ്രവർത്തനങ്ങൾ ജൂൺ അവസാനവാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ വിപുലമായ യോഗം ചേരേണ്ടതാണ് . യോഗത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് 2025-26 വർഷത്തെ രൂപീകരിക്കുന്നതാണ് . എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാരെയും യോഗത്തിൽ തീരുമാനിച്ചതിനുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി നിലവിലുള്ള ഗ്രൂപ്പ് പുനക്രമീകരിക്കും

തുടർന്ന് സ്കൂൾ കലാമേള പ്രവൃത്തി പരിചയമേള സ്പോർട്സ് ഓണാഘോഷം ക്രിസ്തുമസ് & ന്യൂ ഇയർ പ്രോഗ്രാം എന്നിങ്ങനെയുള്ള പരിപാടികളോട് അനുബന്ധിച്ച് പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് യോഗം ചേരുന്നതാണ്. പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ് .അംഗങ്ങൾക്ക് ആശയവിനിമയം നടത്താൻ വാട്സ്ആപ്പ് ഗ്രൂപ്പ് സജീവമായി നിലനിർത്തും . പരസ്പര ബഹുമാനത്തോടെയും ധാരണയോടെയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിൽ ശ്രദ്ധപുലർത്തുന്ന തരത്തിൽ ഗ്രൂപ്പ് 2025 -26 വർഷത്തെ പ്രവർത്തനങ്ങൾ സജീവമായി ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു...

## വിദ്യാരംഗം കലാസാഹിത്യ വേദി

### പ്രവർത്തന രൂപരേഖ 2025 -26

- പ്രവേശനോത്സവം തനിമയാർന്ന ഒരു പ്രവർത്തനം സംഘടിപ്പിക്കും
- ജൂൺ 19 -വായനാദിനം വാരാചരണം
- ജൂലൈ 5 -ബഷീർ ഓർമ്മദിനം- അനുസ്മരണ പരിപാടികൾ ,ബഷീർ വായന
- ആഗസ്റ്റ് സെപ്റ്റംബർ -സാഹിത്യ ക്യാമ്പ് ( രചന,അഭിനയം )
- നവംബർ -ഭാഷാഭിമാന ദിനം ,ഭാഷാഭിമാന മാസാചരണം
- കേരളപ്പിറവി ദിനാഘോഷം
- ഡിസംബർ ഫിലിം ഫെസ്റ്റ്
- ആഗസ്റ്റ് 22- ലോക നാട്ടറിവ് ദിനം —ഈ ദിനത്തിൽ നാട്ടറിവുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ തിരിച്ചറിവുകൾ കുട്ടികളെ ബോധ്യപ്പെടുത്തും കൃഷി ആരോഗ്യം തുടങ്ങിയ ശീലങ്ങളിൽ നമ്മുടെ നാട്ടറിവുകൾ നൽകുന്ന സ്വാധീനം ചർച്ചചെയ്യും
- ഒക്ടോബർ -27 വയലാർ ചരമ ദിനത്തിൽ മലയാള സാഹിത്യത്തിൽ വയലാർ കവിതകളുടെ പങ്ക് വിലയിരുത്തും
- നവംബർ-1-കേരളപ്പിറവി ദിനത്തിൽ നമ്മുടെ സംസ്ഥാനമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തും
- ഡിസംബർ 1 -കുഞ്ചൻ ദിനം ആഘോഷിക്കും
- ജനുവരി 1 – ആശാൻ ദിനത്തിൽ ആശാൻ കൃതികളുടെ സ്വാധീനം നമ്മുടെ നവോത്ഥാന സമൂഹത്തെ എങ്ങനെ സാധിച്ചു എന്ന് ചർച്ച ചെയ്യും
- നാടകക്കളരി സംഘടിപ്പിച്ചുകൊണ്ട് കുട്ടികളിലെ സർഗാത്മക ബോധം ഉയർത്തുകയും വിഷയാടിസ്ഥാനത്തിലുള്ള പാഠഭാഗത്തെ ആസ്പദമാക്കി നാടകാവിഷ്കാരം നടത്തും
- എഴുത്തുകൂട്ടം പ്രോത്സാഹിപ്പിക്കുകയും കുട്ടികളുടെ സ്വന്തമായി രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനും ക്ലാസ് തലത്തിൽ മാഗസിൻ നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും ചെയ്യും
- പത്താം ക്ലാസ് തലത്തിൽ മലയാള ഭാഷ അനായാസം കൈകാര്യം ചെയ്യുവാനും അടിസ്ഥാനപരമായി പരീക്ഷയിൽ പൊതുവേ അറിഞ്ഞിരിക്കേണ്ട ബോധന ഉദ്ദേശ്യങ്ങൾ കുട്ടികൾക്ക് നേരത്തെ തന്നെ നൽകിക്കൊണ്ട് പരീക്ഷയിൽ എളുപ്പമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകും

12

## 2025- 26 വർഷത്തിൽ മലയാളവിഭാഗം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- സ്കൂൾ തുറന്ന ആദ്യവാരം തന്നെ കുട്ടികളുടെ അക്ഷരബോധം എത്രത്തോളം ഉണ്ട് എന്ന് പരിശോധിക്കണം. അതിനായി വായന പ്രവർത്തനങ്ങളുടെയും ചെറിയ പരീക്ഷകളുടെയും പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പഠനപിന്തുണനൽകുകയും ചെയ്യും
- ജൂൺ 19 വായനാദിനത്തിൽ ക്ലാസ് തലത്തിലും സ്കൂൾതലത്തിലും കുട്ടികളുടെ വായനാശീലത്തെ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും. ഇതിനായി ആസ്വാദനക്കുറിപ്പുകൾ, ക്വിസ് മത്സരങ്ങൾ ,കുട്ടികളുടെ ചിന്തകൾ ഉയർത്തുന്ന തരത്തിലുള്ള പുസ്തകങ്ങളുടെ പട്ടികകൾ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകും സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ വായനാവാരം ആഘോഷിക്കും.
- ജൂലൈ 5 : ബഷീർ ചരമ ദിനത്തിൽ മലയാള സാഹിത്യത്തിലെ വായനക്കാരെ ഏറ്റവും അധികം സ്വാധീനിച്ച ബഷീറിന്റെ കൃതികളെ പരിചയപ്പെടുത്തുകയും ബഷീർ കൃതികളെ വായിക്കുവാൻ നൽകിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ക്വിസ് മത്സരം നടത്തുക, കഥാപാത്രങ്ങളുടെ നാടക ആവിഷ്കാരം, അദ്ദേഹം തന്റെ പുസ്തകങ്ങളിൽ ഉപയോഗിച്ച തന്റേതായ പദപ്രയോഗങ്ങൾ ,അവയുടെ പ്രസക്തി ,ചർച്ച ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ആസൂത്രണം ചെയ്യും

13

# കലോത്സവം 2025- 26

**2025 26 അധ്യായനവർഷത്തിൽ ജി എച്ച് എസ് കാറിലുംപാറ സ്കൂൾ കലോത്സവ കമ്മിറ്റി രൂപകൽപ്പന ചെയ്ത പ്രവർത്തന പദ്ധതിയുടെ റിപ്പോർട്ട്**

ആമുഖം

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയാണല്ലോ വിദ്യാഭ്യാസത്തിലൂടെ നേടേണ്ടത് .ഭൗതികവും സർഗ്ഗാത്മകവും സാംസ്കാരികവുമായ വളർച്ച വിദ്യാഭ്യാസത്തിലൂടെ ഉറപ്പുവരുത്തേണ്ടതുണ്ട് എന്നത് നമുക്കറിയാം. സർഗാത്മകവും സാംസ്കാരികമായി വളർച്ചയിൽ കലോത്സവത്തിന് സുപ്രധാന പങ്കുണ്ട് .കുട്ടികളിലെ സർഗ്ഗവാസന കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ ഏറെ പ്രധാനമാണ് കലോത്സവങ്ങൾ കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ചിട്ടയായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ഓരോ സ്കൂളിലെയും ഉത്തരവാദിത്തമാണ് .അത്തരത്തിലുള്ള പ്രവർത്തന പദ്ധതികളാണ് ഈ വർഷത്തെ കലോത്സവ കമ്മിറ്റി ആവിഷ്കരിച്ചിരിക്കുന്നത്.

## ഉദ്ദേശലക്ഷ്യങ്ങൾ

നാം ക്ലാസ് മുറികളിൽ നടത്തുന്ന പാഠ പ്രവർത്തനങ്ങൾ കൊണ്ട് കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ ശേഷികളെ തിരിച്ചറിയാൻ സാധ്യമല്ല .അതുകൊണ്ട് നമ്മുടെ കരിക്കുലത്തിൽ പാഠ പ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യം നൽകിയിട്ടുണ്ട് .കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞ് അത് വളർത്തിയെടുക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നൽകേണ്ടത് നമ്മൾ അധ്യാപകരുടെ കടമയാണ് .അതിന് നമ്മൾ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആണ് നമ്മുടെ കലോത്സവ കമ്മിറ്റി ലക്ഷ്യമിടുന്നത്.

## പ്രവർത്തനരീതികൾ

അക്കാദമിക വർഷത്തിന്റെ ആദ്യ മാസം തന്നെ നമുക്ക് കുട്ടികളെ തിരിച്ചറിയേണ്ടതുണ്ട് .അവരുടെ കലാപരമായി താൽപര്യങ്ങളെയും വ്യത്യസ്ത കഴിവുകളെയും തിരിച്ചറിയാൻ നമുക്ക് സാധിക്കണം .വ്യത്യസ്ത കലാ താൽപര്യങ്ങളെ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ജൂൺമാസം തന്നെ നൽകാം. ആടാനും പാടാനും വരയ്ക്കാനും എഴുതാനും അഭിനയിക്കാനും ഒക്കെ താൽപര്യവും കഴിവുമുള്ള കുട്ടികളെ കണ്ടെത്തേണ്ടതുണ്ട് .ക്ലാസ് അധ്യാപകരുടെയും സംഗീതം ,ചിത്രകല -പ്രവൃത്തി പരിചയ അധ്യാപകരുടെയും സഹായത്താൽ കുട്ടികളുടെ സർഗ്ഗശേഷികളെ കണ്ടെത്താൻ നമുക്ക് സാധിക്കും. കുട്ടികളുടെ വ്യത്യസ്ത കഴിവുകളെ തിരിച്ചറിയുന്നതിനോടൊപ്പം അതിന് അവരെ സഹായിക്കേണ്ടതുണ്ട് . സംഗീതം, നൃത്തം ,ചിത്രകല ,വാദ്യോപകരണങ്ങൾ എന്നിവയിൽ താല്പര്യമുള്ള കുട്ടികൾക്ക് അതാത് കലകളിൽ പ്രഗത്ഭരായ അധ്യാപകരുടെ സേവനം ലഭ്യമാക്കി കൊടുത്താൽ മാത്രമേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ കഴിവുകൾ വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ . രണ്ടാഴ്ചയിൽ ഒരു ദിവസമെങ്കിലും ഇത്തരം ക്ലാസുകൾ നൽകുവാൻ നമുക്ക് സാധിക്കണം .ഓരോ കലാരൂപങ്ങളും പരിശീലിപ്പിക്കാൻ ആവശ്യമായ അധ്യാപകരെ കണ്ടെത്തണം .ഓരോ കലാരൂപത്തിനും ഓരോ കമ്മിറ്റി രൂപീകരിക്കുകയും അതിന് 3 അധ്യാപകരെ വീതം ചുമതലപ്പെടുത്താം . കലോത്സവ കമ്മിറ്റി ഈ കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യാം.

കലോത്സവങ്ങൾ കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഏറ്റവും വലിയ വേദിയാണല്ലോ സ്കൂൾ കലോത്സവങ്ങൾ അതുകൊണ്ടുതന്നെ കലോത്സവങ്ങളുടെ സംഘാടനം ഏറെ പ്രാധാന്യം അറിയിക്കുന്നു.

മുൻ വർഷങ്ങളിലെ പോലെ തന്നെ മൂന്ന് ഹൗസുകളിലായി നമുക്ക് മത്സരങ്ങൾ സംഘടിപ്പിക്കാം .ഓരോ ഹൗസിനും ഒരു കൺവീനറുടെ കീഴിൽ ഏതാണ്ട് നാലോളം അധ്യാപകർക്ക് ചാർജ്ജുകൾ നൽകിയാൽ നമുക്ക് ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കാവുന്നതാണ് .സ്റ്റേജിതര മത്സരങ്ങൾക്ക് സബ്ജക്ട് കൗൺസിലറുകളുടെ സഹായം ഉറപ്പുവരുത്തേണ്ടതുണ്ട് .വിവിധ രചനാ മത്സരങ്ങൾ ,കവിതാ പാരായണം, പ്രസംഗം എന്നിവയിൽ കഴിവുള്ള മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കാനും  മികച്ചവരെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിങ് നടത്തുന്നതിന് സബ്ജക്ട് കൗൺസിലുകൾ മുൻകൈ എടുക്കേണ്ടതുണ്ട്.

- ➔ ജൂലൈ ആദ്യ ആഴ്ച തന്നെ കുട്ടികളെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കേണ്ടതാണ് .
- ➔ സ്റ്റേജിതര മത്സരങ്ങൾ ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ പൂർത്തിയാക്കേണ്ടതാണ് .
- ➔ സ്കൂൾ കലോത്സവം ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ നമുക്ക് നടത്താനാകും എന്ന് പ്രതീക്ഷിക്കുന്നു .
- ➔ കുട്ടികൾക്ക് ഗ്രൂപ്പ് മത്സരങ്ങളിൽ മികവ് പുലർത്തണമെങ്കിൽ ചിട്ടയായ പരിശീലനത്തിനായി ക്ലാസുകളെ ബാധിക്കാത്ത തരത്തിൽ രണ്ടാഴ്ചക്കാലം പരിശീലനം ചാർജുള്ള അധ്യാപകരുടെ മേൽനോട്ടത്തിൽ ആവണം എന്നത് ഉറപ്പുവരുത്തേണ്ടതാണ് .
- ➔ സ്കൂൾ തലം കഴിഞ്ഞാൽ നമുക്ക് സബ്ജില്ലാതലമാണ് അതിൽ ഗ്രൂപ്പ് മത്സരങ്ങളിൽ മൂന്ന് ഗ്രൂപ്പുകളിലും ഉള്ള മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ സ്ക്രീനിങ്ങിലൂടെ നമ്മൾ സെലക്ട് ചെയ്യേണ്ടതുണ്ട് .
- ➔ ഗ്രൂപ്പ് ഇനങ്ങൾക്ക് കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകേണ്ടതുണ്ട്. അതിനാൽ ഓരോ ഇനങ്ങളിലും പ്രാവീണ്യം നേടിയ അദ്ധ്യാപകരെക്കൊണ്ട് പരിശീലനം നൽകേണ്ടതുണ്ട്. ഈ പരിശീലനം സബ് ജില്ലയിൽ സെലക്ട് ചെയ്യപ്പെടുന്ന പക്ഷം ജില്ലാതലം സംസ്ഥാനതലം വരെ തുടരാവുന്നതാണ്

## സാമ്പത്തികം

നമ്മുടെ കലോത്സവങ്ങൾ സ്കൂൾതലം സബ്ജില്ലാതലം ജില്ലാതലം സംസ്ഥാനതല മത്സരങ്ങൾ ആയിട്ടാണ് സംഘടിപ്പിക്കുന്നത് വലിയൊരു സാമ്പത്തിക ചെലവ് കലോത്സവങ്ങൾക്ക് ഉണ്ടാകുമെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ നല്ലൊരു ബഡ്ജറ്റ് നമ്മൾ കണ്ടെത്തേണ്ടതുണ്ട് .സ്കൂൾതലത്തിലും സബ് ജില്ലാതലത്തിലും ആയി ഏകദേശം 1.50-2 ലക്ഷം രൂപയാണ് സാമ്പത്തിക ചെലവായി കണക്കാക്കുന്നത്. വിവിധ കലായിനങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർ ,ഹൗസുകൾക്ക് ,ലൈറ്റ് ആൻഡ് സൗണ്ടുകൾക്ക് ..........തുടങ്ങിയവയ്ക്ക് നൽകാവുന്ന തുകയാണ് . ജില്ലാതലത്തിലേക്ക് സെലക്ട് ചെയ്ത ഇനങ്ങളിൽ ചിലപ്പോൾ മാറ്റങ്ങൾ വരുത്തേണ്ടതായി വരും.

ഏതൊരു സ്കൂളിന്റെയും അഭിമാനമാണ് സംസ്ഥാന തലത്തിൽ പങ്കെടുക്കുക എന്നത് കൂടുതൽ കലാമത്സരങ്ങൾ സംസ്ഥാനതലത്തിലേക്ക് എത്തിക്കുന്നതാണ് ഈ വർഷത്തെ കലോത്സവ കമ്മിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാമത് .തീർച്ചയായും ജൂൺ മാസത്തിൽ തന്നെ സംസ്ഥാനതലങ്ങളിലേക്ക് ലക്ഷ്യം വെച്ചുള്ള മത്സരയിനം നാം കണ്ടെത്തുകയും അതിന് ആവശ്യമായ കുട്ടികളെ സെലക്ട് ചെയ്യുകയും പരിശീലനം നൽകാൻ ആവശ്യമായ അധ്യാപകരെ കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്താൽ നമ്മുടെ സ്കൂളിനും കുട്ടികൾക്കും സംസ്ഥാനതലത്തിൽ മികച്ച വിജയം കൈവരിക്കാൻ സാധിക്കും എന്നത് തർക്കമറ്റ കാര്യമാണ് . 2 ലക്ഷം രൂപയാണ് ഈ വർഷത്തെ കലോത്സവം നടത്തിപ്പിനായി നമ്മൾ സ്കൂൾ അതോറിറ്റിക്ക് മുമ്പാകെ വെക്കുന്നത്

UP

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഒന്നാം ക്ലാസ്

16

# ഒന്നാം ക്ലാസ് അക്കാദമിക മാസ്റ്റർപ്ലാൻ 2024-25

## മലയാളം (ഉദ്ഗ്രഥിതം)

### ആമുഖം

ഒന്നാം ക്ലാസിലെ മലയാളം പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒരു വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ പാഠഭാഗത്തിലും കുട്ടി നേടേണ്ട ശേഷികൾ കണ്ടെത്തി ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഇതുമായി ചിട്ടപ്പെടുത്തേണ്ടതുണ്ട്. പ്രതീക്ഷിച്ച പോലെ സാധ്യായ ദിവസങ്ങൾ ലഭിച്ചില്ലെങ്കിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി, കുട്ടികളുടെ പഠനനിലവാരവും പിന്തുണ നൽകേണ്ടതും പരിഗണിച്ച് ഭേദഗതികൾ ചെയ്യാവുന്നതാണ്. വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ട്ടുടെ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

| കാലയളവ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 2025 ജൂൺ 15 വരെ | സാമൂഹികപങ്കാളിത്തം ഭാഷാ, പേശി, സർഗ്ഗാത്മക വൈജ്ഞാനിക, സാമൂഹിക വികാസം | വിദ്യാപ്രവേശ് സന്നദ്ധതപ്രവർത്തനങ്ങൾ മൃഗ നിരീക്ഷണം. അനുഭവ വിവരണം ഇല, തോരണ നിർമ്മാണം |
| ജൂൺ 19 to മാർച്ച് 3 June/July | മുതിർന്നവരിൽ നിന്ന് കേട്ടറിഞ്ഞ കഥകൾ സ്വതന്ത്ര ഭാഷണം നടത്തുന്നു | വായനോത്സവം - അമ്മ വായന. കഥാവേള |
| July to march | അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് വായിക്കുന്നു. | വായനക്കാർഡ് വായന |
| ജൂലൈ 15 | സംയുക്ത എഴുത്ത് | സംയുക്തഡയറി എഴുത്ത് തുടങ്ങുന്നു |
| June to March | പരിചയപ്പെട്ട പാട്ടുകൾ കേട്ടും ആടിയും സദസ്സിനു മുൻപാകെ താളത്തിൽ അവതരിപ്പിക്കുന്നു | പാട്ടരങ്ങ് |
| June to February | കുട്ടികളുടെ കലാപരമായ ശേഷികൾ കലവിരുത് വികാസം സൂക്ഷ്മ, സ്ഥൂലപേശി വികാസം | വിവിധ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം - (കലാ & work experience - ഉദ്ഗ്രഥിതം) |

| | | |
|---|---|---|
| December to March | ആശയങ്ങൾ ഭാവാത്മകമായ ചിത്രങ്ങൾ നൽകി എഴുതുന്നതിലേക്ക് നയിക്കുന്നു | രചനോത്സവം<br>വായനക്കാർഡ് നിർമ്മാണം. |
| August to March | ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ വായന നടത്തുന്നതിന് കഴിവ് നേടുന്നു | റീഡേഴ്സ് തിയേറ്റർ |
| January to March | കേട്ടതോ വായിച്ചതോ, പാഠഭാഗവുമായി ബന്ധപ്പെട്ടതോ, സ്വയം എഴുതിയതോ ആയ കഥകൾ ചിത്രകഥകളാക്കി മാറ്റുന്നതിന് | ചിത്രകഥാ നിർമ്മാണം ഒറ്റയ്ക്കും സംഘമായും |
| ഡിസംബർ to March. | ലളിതമായ കടങ്കഥകൾ തിരിച്ചറിയുന്നതിനും സ്വതന്ത്രമായി കടങ്കഥകൾ നിർമ്മിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | കടങ്കഥാ കേളി<br>കടങ്കഥ നിർമ്മാണം |

| | | |
|---|---|---|
| മാർച്ച് | പഠനോത്സവം - | |
| മാർച്ച് | സദസ്സിനു മുമ്പിൽ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുക. | സംയുക്ത ഡയറി രചനോത്സവങ്ങൾ മറ്റിവ പ്രകാശനം. |

||

Academic masterplan

Std I English -

| objectives | Activities | Duration. |
|---|---|---|
| * Respond to simple instruction in the class room. | * Engage in Different types of games. * Name familiarising activities like. Name tree. Name chart - etc. * provides pictures to describe. | June. |
| + Describe orally about the pictures or objects. | + Provides picture cards. + narrates simple stories. + listen teacher talks. | June July. |
| + Read simple descriptions, conversations graphically. | + provides simple reading cards., conversation sentence strips. etc related to the text book. + Engage them in simple language games | August September |

| | | |
|---|---|---|
| * Read and write simple words and Sentences | * Add more lines. * Add conversation. * Language games. | Septem. october |
| * Read simple descriptions, finding rhyming words. Make riddles. | * provides picto reading cards. * with pictures. * Introduce more rhymes, rhyming words | November. |
| * Write descriptions and dialogues related to specific context. | * provides picture cards. * narrates events * provides conversations and ask them to add more. | December. January to March. |
| * | * engage in role play, Skit. | |
| Read and enjoy simple stories | Provides simple stories. | Febuary. March. |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## ഗണിതം

**ലക്ഷ്യങ്ങൾ:**

* 1 മുതൽ 20 വരെയുള്ള സംഖ്യാബോധവും 1 മുതൽ 100 വരെയുള്ള സംഖ്യാധാരണയും വളർത്തുക.
* പകുതി, കൂട്ടങ്ങൾ, തുല്യം, കുറവ് എന്നീ ധാരണകൾ ഉറപ്പിക്കുക
* വലുത്, ചെറുത്, അടുത്ത്, അകലെ, നീളം കൂടിയത്, നീളം കുറഞ്ഞത്, വലിപ്പം വണ്ണം കൂടിയത്, വണ്ണം കുറഞ്ഞത് എന്നീ ആശയങ്ങൾ ഉറപ്പിക്കുക.
* വലിയ സംഖ്യ, ചെറിയ സംഖ്യ വലുതിൽ നിന്ന് ചെറുതിലേക്ക് ചെറുതിൽ നിന്ന് വലുതിലേക്ക് എന്നീ ആശയങ്ങൾ ഉറപ്പിക്കുക
* നിത്യ ജീവിതവുമായി ബന്ധപ്പെട്ട ലഘുപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക.
* ചുറ്റുപാടുമുള്ള വസ്തുക്കൾ താരതമ്യം ചെയ്ത് രൂപങ്ങൾ തിരിച്ചറിയുന്നു (വട്ടം, ചതുരം, ത്രികോണം)
* ഒന്നിടവിട്ട സംഖ്യകൾ തിരിച്ചറിയുന്നു.

| ലക്ഷ്യം | പ്രവർത്തനം | മാസം | |
|---|---|---|---|
| സംഖ്യാബോധം | • 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു വായിക്കുന്നു. | ജൂൺ | ✓ |
| | * 1 മുതൽ 10 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു വായിക്കുന്നു | ജൂലൈ | |
| ഗണിത കിറ്റ് | * 1 മുതൽ 10 വരെയുള്ള സംഖ്യാകാർഡുകളുടെ നിർമ്മാണം. മഞ്ചാടി സഞ്ചി, ഗണിതകിറ്റുകൾ, സംഖ്യാ ചിത്രങ്ങളടങ്ങിയ കുഞ്ഞു പുസ്തകം നിർമ്മാണം. | ജൂലൈ | " |
| സംഖ്യാബോധം | * 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു വായിക്കുന്നു. * ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | " |
| വലിയ സംഖ്യ, ചെറിയ സംഖ്യ | * 1 മുതൽ 20 വരെയുള്ള സംഖ്യകളിൽ വലിയ സംഖ്യ ചെറിയ സംഖ്യ എന്നിവ തിരിച്ചറിയുന്നു. * ആരോഹണം, അവരോഹണം ക്രമത്തിൽ എഴുതുന്നു. തിരിച്ചറിയുന്നു. | ഒക്ടോബർ നവംബർ | " |
| സംഖ്യാഗാനങ്ങൾ | * 1 മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെടുത്തി പാട്ടുകൾ നിർമ്മിക്കുന്നു, പാടുന്നു, അഭിനയിക്കുന്നു. (ഗ്രൂപ്പ് പ്രവർത്തനം) | നവംബർ ഡിസംബർ | " |
| സങ്കലനം | * 1 മുതൽ 10 വരെയുള്ള സംഖ്യകളുടെ സങ്കലനം നിർവ്വഹിക്കുന്നു. | നവംബർ ഡിസംബർ | " |

| | | |
|---|---|---|
| ...ചിഹ്നങ്ങൾ | * സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു, എഴുതുന്നു.<br>* ഒന്നിടവിട്ട സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു. | ഫെബ്രുവരി |
| ...വ്യാഖ്യാനം | * 20 മുതൽ 50 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു കൂട്ടമാക്കുന്നു (എണ്ണിയും വരച്ചും കൂട്ടങ്ങൾ) | ഫെബ്രുവരി |
| ...സംഖ്യകളെ വ്യാഖ്യാനിക്കൽ | * 1 മുതൽ 20 വരെയുള്ള സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കുന്നു. | ഫെബ്രുവരി |
| ...ർക്കപ്പെട്ട് | * വിവിധ തരത്തിലുള്ള വസ്തുക്കൾ നൽകുന്നു. പ്രവർത്തനങ്ങൾ ചെയ്യുന്നു. (ഗണിത കിറ്റുകൾ, ജ്യോമിതീയ രൂപങ്ങൾ നൽകി ഉപയോഗിക്കുന്നു. | മാർച്ച് |
| ...ണിതാത്മകം | * ക്ലാസ് മുറി അന്തരീക്ഷത്തിലോ പാഠഭാഗത്തിലോ ഉൾപ്പെടുന്ന നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടിയെ പ്രാപ്തരാക്കുന്നു. (കുടുംബ ബജറ്റ്) | |

CP

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2 ാം ക്ലാസ്

II std. 17

| Learning objectives | Activity | duration | duty | |
|---|---|---|---|---|
| * To speak, Read and write English without any mistakes. | Pretest :- To develop listening Skill and reading skill first<br>Listening skill:- To develop listening skills and reading skills first.<br>Listening skill:- Games, Action songs, Hellow English activities, two Conversations, skit stories.<br>Use ICT<br>* Speaking skills<br>Descriptions, growing sente--nces, Picture reading, picture description self introduction Assembly activities - speech, book review, quiz riddles, self introduction, school radio etc.<br>Reading cards reading, rhyming words. Textbook activities etc.<br>Writing skills<br>Make word web, picture description, word chain sen--tence make riddles, Convers--ations add more lines. | June to August<br><br><br><br><br><br>July August | | |

Maths II

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി സ്വയം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹാ-യിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തന-ത്തിലും സ്വന്തമായി നേരിടേണ്ടവ നേരിടുന്നതും തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഒന്നാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളുടെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം/പ്രശ്നപരിഹാരം എന്നിവ ചെയ്യാനുള്ള ശേഷി ഉറപ്പാക്കൽ<br>* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന് | മുന്നൊരുക്കം -<br>* ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു<br>* 1,2,3,4 ...., 1,3,5,7 ...., 10,20,30,40 2,4,6,8 തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>* ഒരു സംഖ്യയോട് കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യയും, 1 കുറയ്ക്കൽ കിട്ടുന്ന മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ജൂൺ | Class Teacher | |
| * പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ മെച്ചപ്പെടുത്തൽ | * ഒരു കൂട്ടം വസ്തുക്കളോട് മറ്റൊരു കൂട്ടം വസ്തുക്കളിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി അതിൻ്റെ എണ്ണം പറയൽ<br>* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ | ജൂലൈ | Class Teacher | |

| | | | |
|---|---|---|---|
| | * വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>99നോട് ഒന്നു കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100 ആകും.<br>100 ഒന്നുകൾ ചേർന്നാൽ 100<br>* ഒറ്റസംഖ്യകളും പ്രായോഗിക സ-<br>-ന്ദർഭങ്ങളിൽ ഉൾപ്പെടുന്ന-<br>-വ കൂട്ടാൻ പ്രവർത്തനങ്ങൾ<br>കണ്ടെത്തൽ | നവംബർ | Class Teacher |
| | * ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി<br>പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>* വില വിവരപ്പട്ടിക തയ്യാറാക്കൽ<br>* ഇനിയെത്ര, [illegible]<br>ആശയങ്ങൾ പ്രായോഗിക രീതിയിലൂടെ<br>ഉറപ്പിക്കുന്നു. | ഡിസംബർ | |
| | * രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രാ-<br>യോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെ-<br>-ടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ<br>5, 10, 15, ... 20 (5 വീതം കൂട്ടിയാൽ വരുന്ന പാറ്റേൺ) | ജനുവരി | Class Teacher. |

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനം | മാസം | ചുമതല | [illegible] |
|---|---|---|---|---|
| | * സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>* പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് മുൻനോ-ട്ടുകൾ പേപ്പർ മുറിച്ച് വെട്ടി സ്ഥാനത്തിന് സംഖ്യ എഴുതൽ.<br>* ഗണിതനാടൻ കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ. | നവംബർ | | |
| | * നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>10രൂപ + 5രൂപ = 15രൂപ നോട്ട് നോക്കൽ<br>* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കൽ. | | | |
| | * സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)<br>* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ഡിസംബർ | | |
| | * വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ | ജനുവരി | | |

* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

* ഗണിതം അനുഭവവേദ്യമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം മികവിൽ ഉറപ്പാക്കി വിജയം നേടൽ

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.

* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം മനസ്സിലാക്കൽ.

* കലണ്ടർ, സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ

* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയും.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനം | ശേഷി | മൂല്യം | സമയം |
|---|---|---|---|---|
| | * നാണയ വില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>* പ്രാദേശിക പ്രശ്ന പരിഹാരത്തിനായ് മിനോ-ട്ടുകൾ പേപ്പർ മുഖേന വെട്ടി നാണയങ്ങൾ സംഖ്യ എഴുതൽ.<br>* ടീമിനൊന്ന് ഗ്രൂപ്പിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ. | നാണയങ്ങൾ | | |
| | * നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>10രൂപ + 5രൂപ =15രൂപ നോട്ട് നാണയം<br>* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ. | | | |
| | * സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)<br>* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | വിശകലനം | | |
| | * വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്താൻ രീതികൾ | ജാഗ്രത | | |

* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
ആ
* ഗണിതം ആസ്വാദ്യതരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത ചോദ്യ വരി പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം മികവിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ
* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ, സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം ചെയ്യാൻ പ്രാപ്തരായി കഴിയുക.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനം | മാസം | ചുമതല | ന... |
|---|---|---|---|---|
| | * സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>* പ്രാദേശിക പ്രശ്ന പരിഹാരത്തിനായ് ഈർക്കിലി-ക്കെട്ടുകൾ ചേർത്ത് മുതലായ വെച്ച് സ്ഥാനത്തിൽ സംഖ്യ എഴുതൽ<br>* "ഗ്രാസിനൊന്ന്" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ. | നവംബർ | | |
| | * നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യാരൂപീകരിക്കൽ<br>10രൂപ + 5രൂപ =15രൂപ നോട്ട് നാണയം<br>* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ. | | | |
| | * സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)<br>* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ഡിസംബർ | | |
| | * വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്താൻ രീതികൾ | ജനുവരി | | |

* സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത ചെയ്യുവരി പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം മൂലകിറ്റിയിൽ ഉൾപ്പെടുത്തി വിജയം കൈവരിക്കൽ

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.

* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

* കലണ്ടർ, സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ

* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം Std II

പൊതു വിദ്യാഭ്യാസത്തെ മുഖ്യ ധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കഴിവുള്ള ശേഷി പരിപോഷിപ്പിച്ചാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുന്നത്. കുട്ടികൾക്ക് ശേഷിവികസനത്തിന് നൽകിക്കൊണ്ട് ഓരോ കുട്ടികളെയും സന്തോഷപ്രദമായ വികസനമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയാറാക്കുന്നു.

* അക്ഷരം, പദം, വാക്യം എന്നിവ പരിഗണിച്ച് വരികൾ കുട്ടികൾക്ക് കവിതകൾ എഴുതുന്നതിലും ചോദ്യങ്ങളും ചെയ്യുന്നു.

**മുന്നൊരുക്കം**

→ പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാതലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

→ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA സമയത്ത് എല്ലാ മാസവും രക്ഷിതാക്കൾക്ക് ബോധ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

**പ്രവർത്തനലക്ഷ്യം**

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്ത ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ഇടപെടൽ**

→ ചിത്ര കാർഡുകൾ നൽകൽ

→ ഭാഷണത്തിന് ക്ലാസിൽ അവസരമുണ്ടാക്കൽ

→ വായനാ സാമഗ്രികൾ നിർമിക്കൽ

→ വായനയും എഴുത്തും വികസിപ്പിക്കുന്നതിന് തന്ത്രങ്ങൾ വികസിപ്പിക്കൽ.

**തുടർച്ച**

→ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു.

→ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.

→ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരി-ക്കുന്നു.

<u>ആഗസ്ത്</u>

→ ക്ലാസ് ലൈബ്രറി പ്രവർത്തനോദ്ഘാടനം

→ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

→ ചിത്ര വിവരണം.

→ വായനാ ലോകത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപ-ങ്ങൾ ഉണ്ടാക്കുന്നു.

<u>സെപ്തംബർ</u>

→ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

→ വായിച്ച കഥയിൽ നിന്ന് സംഭാഷണം രചിക്കൽ

→ വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

→ വായിച്ച കഥാഭാഗങ്ങൾക്ക് സംഗ്രഹിച്ചെഴുതൽ

<u>ഒക്ടോബർ</u>

→ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ശൈലിയിൽ വാചികമായി അവതരിപ്പിക്കുന്നതിന് അവസരം

→ വിവിധ തലങ്ങളിലൂടെ ചിട്ടപ്പെടുത്തൽ

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന.

<u>നവംബർ</u>

→ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനത്തിന് ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

ഡിസംബർ

→ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

→ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാസികകൾ തയാറാക്കാൻ അവസരം ഒരുക്കുന്നു

ജനുവരി

→ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ

→ ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിന് അവസരം.

ഫെബ്രുവരി

→ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നത് ഉറപ്പ് വരുത്തൽ (വായന, ലേഖനം, എഴുത്ത്)

→ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

→ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

→ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയാറാക്കൽ.

→ ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കയ്യെഴുത്ത് മാസിക തയാറാക്കൽ

→ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 3ാം ക്ലാസ്

Class III B
English & EVS
Beenu. B. S

18

(1)

English-master plan.

AIM

To speak, read, and write english without any mistakes.

Time June to march

To check the vocabulary and writing skills of pupils.

Activities.

June and july.

Pre test

To develop listening skills and reading skills.

Listening skills.

Games, actionsongs.

→ Hellow english activities.

→. conversations.

→ skit / stories.

→ use ict 'e' cub [reading/listening].

Speaking skills.

Identify the naming words from the picture.

→ Identify the actionwords from the picture.

→ making the simple sentences using the word about picture.

→ make simple description about the picture.

— Growing sentences, Picture reading, Self introducti

August - September.

— Develop the creative speaking and writing.

Reading skills.

Books reading
find words.
collect and read past tense
Rhyming words.
TB activities.

Writing skills.

Dairy.
Announcement

February and March

To improve the presentation power.

Reading skills.

* Library books reading
conversations, skit stories.
Develop stories.

Writing skills.

— Diary
— Descriptions
— Thoughts
— Exibitions.

class 3 EVS.

| മാസം | പ്രവർത്തനങ്ങൾ | ചർച്ചചെയ്യാനുള്ള വേദി |
| --- | --- | --- |
| ജൂൺ. | * ചെടികൾ നിരീക്ഷിക്കുന്നു.<br>* ചെടിയുടെ ഭാഗങ്ങൾ കണ്ടെത്തൽ പരിസരപഠന ബുക്കിൽ അടയാളപ്പെടുത്തി വെയ്ക്കുന്നു.<br>* വിത്ത് മുളപ്പിയ്ക്കൽ<br>* വ്യത്യസ്ത ഇനം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയൽ<br>* പരിസ്ഥിതി ദിനാചരണം.<br>* വൃക്ഷത്തൈ പരിപാലനം.<br>* വർണ്ണക്കാർഡ് നിർമ്മാണം. | SRG. |
| ജൂലൈ | * വ്യത്യസ്ത ജീവികളെ നിരീക്ഷിക്കുന്ന ചിത്രശേഖരണം<br>* മണ്ണ് നിരീക്ഷണം.<br>* വിവിധ തരം മണ്ണ് ശേഖരണം.<br>* ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം.<br>* ഫലങ്ങൾ വളരുന്ന സസ്യങ്ങൾ പരിപാലനം. | SRG. |
| വാർഷിക മുഴുവനും | സ്കൂൾ തോട്ടത്തിൽ കൃഷി പ്രവർ-ത്തനങ്ങൾ കാര്യക്ഷമമായി നടത്തി കൊണ്ടുപോവുക കാർഷിക വിദ്യാഭ്യാസം | SRG. |

(2)

| മാസം | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
| --- | --- | --- |
| ഓഗസ്റ്റ് | * മഴമാപിനി നിർമ്മാണം.<br>* മഴ അളക്കൽ.<br>* ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം.<br>* കിണർ സന്ദർശനം.<br>* മണ്ണു പരിശോധിച്ചു ഗുണങ്ങൾ നിർവചിക്കുക.<br>* മണ്ണു പരിശോധിച്ചുള്ള വ്യത്യസ്ത തരം പരീക്ഷണങ്ങൾ ചെയ്തു നോക്കുക.<br>* മണ്ണ് സംരക്ഷണ പോസ്റ്റർ രചനകൾ.<br>* ഔഷധ ചാർട്ട് തയ്യാറാക്കുക. | SRG |
| September | * ശുചിത്വ പോസ്റ്റർ നിർമ്മാണം.<br>* സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ എല്ലാ ദിവസവും നേതൃത്വം ഏറ്റെടുക്കുന്നു.<br>* ആരോഗ്യ ഉദ്യോഗസ്ഥരുടെ സെമിനാർ.<br>* ആരോഗ്യ പ്രവർത്തകരുമായി ഒരു അഭിമുഖ സംഭാഷണം. | SRG<br>PTA |
| October | * വിറ്റമിൻ ക്വിസ്<br>പഴങ്ങൾ, പച്ചക്കറികൾ<br>* food festival<br>* സ്കൂൾ ആരോഗ്യ കാർഡ്<br>ഓരോ കുട്ടിയ്ക്കും നൽകുന്നതിനായി ചെയ്യുന്നു.<br>* കുട്ടികൾ BMI കണ്ടെത്തുന്നു.<br>* ആരോഗ്യ ശീലങ്ങൾ / അനാരോഗ്യ ശീലങ്ങൾ പോസ്റ്റർ തയ്യാറാക്കുക.<br>* സ്കൂൾ പച്ചക്കറിത്തോട്ടം തയ്യാറാക്കൽ. | |

(3)

| | പ്രവർത്തനങ്ങൾ | വിഭവങ്ങൾ സംവിധാനങ്ങൾ |
|---|---|---|
| നവംബർ. | * അമ്മമാർക്ക് വിദ്യാർത്ഥികളുടെ ക്ലാസ്.<br>* റോൾ പ്ലേ റോഡ് നിയമങ്ങൾ<br>* First Aid Box നിർമ്മാണം<br>* ഭക്ഷ്യ സുരക്ഷ – പഠന കിറ്റുകൾ<br>ഭക്ഷണം ചർച്ച – ബോധവൽക്കരണം | PTA<br>SRG |
| ഡിസംബർ | * പരീക്ഷണങ്ങൾ<br>* നിരീക്ഷണ പ്രവർത്തനങ്ങൾ<br>Globe, ICT ഉപയോഗിച്ച് നിരീക്ഷണം.<br>* ദേശീയപതാക വരയ്ക്കൽ.<br>* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയുക.<br>* ഭൂപട വായന.<br>* എന്റെ കേരളം ചിത്രരചന<br>കുറിപ്പ് തയ്യാറാക്കുക.<br>* പോസ്റ്റുമാനുമൊത്ത്<br>* പ്രകൃതി തിരിച്ചറിയൽ.<br>* google map.<br>* | |
| January.<br>February. | * ജീവികളുടെ കൂടുകൾ.<br>* ചിത്രശേഖരണം.<br>* വ്യത്യസ്തതരം വീടുകൾ [Album].<br>* വീട് നിർമ്മാണ ഇടം സന്ദർശനം.<br>* വ്യത്യസ്തതരം തൊഴിലുകൾ സർവ്വേ. | |

(4)

| പ്രവർത്തനങ്ങൾ | പിന്തുണ. |
|---|---|
| * അഭിമുഖം / feild visit. | |
| * പൊതുസ്ഥാപനങ്ങൾ സന്ദർശനം. | SRG |
| * പഠനോത്സവം | PTA |
| * പഠനമികവുകൾ പങ്കുവെയ്ക്കൽ | |

## മലയാളം

ലക്ഷ്യം

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയണമെന്നതാണ്.

കാലക്രമം : ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ: ശബ്ദ ശേഖരം വർദ്ധിപ്പിക്കൽ, എഴുത്ത് ,വായന ,സംസാരശേഷി വർദ്ധിപ്പിക്കൽ

**ജൂൺ & ജൂലൈ**

**Pre test**

നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാ ശേഷിയും വർദ്ധിപ്പിക്കുക

**പ്രവർത്തനങ്ങൾ :**

ഭാഷാ ഗെയിമുകൾ

ആക്ഷൻ സോങ്സ്

ഭാവാത്മക വായന

കഥപറയൽ

അധ്യാപകൻ ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ

ഐസിടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി

ചിത്ര വായന

കടങ്കഥകൾ, പഴഞ്ചൊല്ല്

ശേഖരണം ക്ലാസ് അവതരണം

അനുഭവവിവരണം

